ശികാന്വേഷണങ്ങളും ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് നൽകി അവരെയും കുടുംബാംഗങ്ങളെയും ബന്ധുക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള അന്വേഷണങ്ങളും നടത്തിയശേഷമാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്.

7 (151) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിച്ചു കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കോളനികളിലാണ് ഇനി ശുദ്ധജലവും വൈദ്യുതിയും എത്തിക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) കോളനിനിവാസികൾക്ക് തൊഴിൽ നൽകുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കോളനി നിവാസികൾക്ക് തൊഴിൽ നൽകുവാൻ പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ആവിഷ്കരിച്ചിട്ടുള്ള സ്വയംതൊഴിൽ പദ്ധതികൾ പ്രകാരവും സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും നൽകിവരുന്ന വായ്പാപദ്ധതികൾ പ്രകാരവും ഇവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാവുന്നതാണ്. ജനകീയാസൂത്രണ പദ്ധതിയനുസരിച്ചുള്ള സ്വയംതൊഴിൽ പരിപാടികളുടെ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാണ്.

8 (152) പട്ടികജാതി-പട്ടികവർഗ്ഗ കോളനിനിവാസികളുടെ ഉന്നമനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനി നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) അവരുടെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly